(ഡി) കോളേജുകളും യൂണിവേഴ്സിറ്റികളും സമർപ്പിക്കുന്ന ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാനുകൾ പരിശോധിക്കാനും തീരുമാനിക്കാനും സ്റ്റേറ്റ് ലെവൽ പ്രോജക്ട് ഡയറക്ടറേറ്റും എക്സ്പെർട്സ് ഓഫ് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാന തലത്തിൽ പ്രോജക്ട് പ്രാവർത്തികമാക്കുന്നത് നിരീക്ഷിക്കുക, റിപ്പോർട്ടുകളും സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റകളും പരിശോധനയ്ക്ക് വിധേയമാക്കുക, ആവശ്യമായ സന്ദർഭങ്ങളിൽ ആഡിറ്റർമാരെ നിയമിക്കുക ഇവയെല്ലാമാണ് പ്രോജക്ട് ഡയറക്ടറേറ്റിന്റെ ചുമതലകൾ. ധനവിനിയോഗവും ഇതുമായി ബന്ധപ്പെട്ട വിവരങ്ങളും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിനെ സഹായിക്കുക എന്നിവയാണ് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ ചുമതലകൾ.

മോണോ റെയിൽ, ലൈറ്റ് മെട്രോ പദ്ധതികൾ

11 (*100) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിലാണ് മോണോറെയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; ഇത് പിന്നീട് വേണ്ടെന്ന് വയ്ക്കാൻ കാരണ മെന്തായിരുന്നു ; ഇത് സർക്കാരിന്റെ മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിനകം നടത്തിയിട്ടുള്ളത് ; ഇതിനായി നാളിതുവരെ എത്ര രൂപ ചെലവാക്കിയെന്ന് അറിയിക്കാമോ ;

(സി) പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ സാങ്കേതിക സാദ്ധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പദ്ധതിയ്ക്കാവശ്യമായ പണം ഏത് സ്രോതസ്സ് വഴിയാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഇ) പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് മോണോ റെയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതികൾക്കുവേണ്ടി കേരള മോണോ റെയിൽ കോർപ്പറേഷൻ 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളുവെന്നതിനാൽ പുനർ ദർഘാസ് വിളിക്കുകയും ചെയ്തു. പുനർ ദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിക്കുള്ള അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ കോർപ്പറേഷന്റെ പത്താമത് ബോർഡ് യോഗത്തിൽ പ്രസ്തുത ടെണ്ടർ നിരസിക്കുന്നതിനും മോണോ റെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. മോണോ റെയിൽ പദ്ധതികളുടെ ഭരണാനുമതി 5581 കോടി രൂപയായിരുന്നു. എന്നാൽ ബൊംബാർഡിയർ ക്വാട്ട് ചെയ്തത് 14001 കോടി രൂപയായിരുന്നു. സാമ്പത്തിക ദർഘാസിന്റെ പരിശോധനാ റിപ്പോർട്ടിൽ ഡി.എം.ആർ.സി. ശുപാർശ ചെയ്ത താഴെപ്പറയുന്ന രണ്ട് കാര്യങ്ങളുടെ അടിസ്ഥാനത്തിൽ മോണോ റെയിൽ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് ടെൻഡർ നിരസിക്കാനും മോണോ റെയിൽ പദ്ധതിക്ക് പകരം ഉചിതമായ മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിസ്റ്റ് സിസ്റ്റത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാനും ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തി.

1. ബൊംബർഡിയർ ക്വാട്ട് ചെയ്ത തുക നെഗോസ്യേഷനിലൂടെ ഗണ്യമായി കുറയ്ക്കാനുള്ള സാദ്ധ്യത വിരളമാണ്.

2. മോണോ റെയിൽ പദ്ധതിയേക്കാൾ ലൈറ്റ് മെട്രോ പദ്ധതി തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾക്ക് അനുയോജ്യമാണ്.

മോണോ റെയിൽ പദ്ധതി സർക്കാരിന്റെ മിഷൻ 676-ലെ നവരത്ന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 9-10-2012-ലെ G.O.(MS) No.72/2012/PWD പ്രകാരം തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കായി Kerala Mono Rail Corporation Ltd. എന്ന പേരിൽ ഒരു Special Purpose Vehicle (SPV), പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സജ്ജമാക്കുകയും 14-5-2013-ലെ G.O(MS) No 50/2013/PWD അനുസരിച്ച് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ജനറൽ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. എന്നാൽ ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാമ്പത്തിക ദർഘാസിൽ ഭീമമായ തുക

LIBRARY ARCHIVES Kerala Legislative Assembly

രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ യോഗത്തിൽ ടെണ്ടർ നിരസിക്കാനും മോണോ റെയിൽ പദ്ധതി ഒഴിവാക്കി പകരം മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. രൂപരേഖകൾ തയ്യാറാക്കാനായി ഫീസിനത്തിൽ 67,21,000 രൂപയും ജനറൽ കൺസൾട്ടൻസി ഫീസിനത്തിൽ അഡ്വാൻസായി 9,60,22,856 രൂപയും അഡ്മിനിസ്ട്രേറ്റീവ് ഇനത്തിൽ 44,11,284 രൂപയുമാണ് ഇതുവരെ പദ്ധതിക്കുവേണ്ടി ആകെ ചെലവഴിച്ചിട്ടുള്ളത്.

(സി) ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാനുള്ള സാങ്കേതിക സാദ്ധ്യതകളെക്കുറിച്ച് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ വിശദമായി പഠനം നടത്തുകയും വിശദമായ രൂപരേഖ ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രൂപരേഖയനുസരിച്ച് പദ്ധതികൾക്കായി ആകെ 6728 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ധന സമാഹരണത്തിനായി മൊത്തം അടങ്കൽ തുകയുടെ ഇരുപത് ശതമാനം കേരള ഗവൺമെന്റും ഇരുപത് ശതമാനം കേന്ദ്ര ഗവൺമെന്റും ബാക്കി അറുപത് ശതമാനം തദ്ദേശീയ ബാങ്കുകൾ മുഖേനയും കണ്ടെത്തുന്നതിനുമാണ് ഡി.പി.ആർ.-ൽ വിഭാവനം ചെയ്തിരിക്കുന്നത്.

(ഇ) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചാലുടൻ തന്നെ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സർവ്വകലാശാലകളുടെ പാഠ്യപദ്ധതിയും ചോദ്യപേപ്പറുകളും

12 (*102) ശ്രീ. വി. ശശി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളുടെ പാഠ്യപദ്ധതിയും ചോദ്യപേപ്പറുകളും തയ്യാറാക്കുന്നതിന് ഓരോ വിഷയങ്ങൾക്കും പൊതു ബോർഡുകൾ രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ സർവ്വകലാശാലകളിലെ വിവിധ കോഴ്സുകളിലെ സിലബസ്സുകൾ ഏകീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അവ ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) നിലവിൽ പാഠ്യ പദ്ധതിയും ചോദ്യപേപ്പറുകളും തയ്യാറാക്കുന്നതിന് വിവിധ സർവ്വകലാശാലകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly